ഗീർനഃ ശ്രേയഃ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്



# പ്രവാസ സാഹിത്യം

സമ്പാദനം പഠനം

ഡോ. എ.എസ്. പ്രതീഷ്

Malayalam
**PRAVASASAHITHYAM**
(Sambadanam Padanam)

Compiled by
**Dr. A.S. Pratheesh**

First Published : December 2019

Typeset at
SIL-DTP Section

Printed at
Time Offset Printers
Thiruvananathapuram

Published by
The State Institute of Languages
Kerala, Thiruvananthapuram-695 003
☎ 0471-2316306, 2314768

© The State Institute of Languages, Kerala
Thiruvananthapuram - 2019

Copies : 500

SIL /4838 Price Rs. 300/- ISBN 978-81-200-4838-6

Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.

FT 2866

ഭാഗം നാല്

## തിരക്കഥ


1. മലയാളസിനിമയും പ്രവാസസ്വത്വപ്രതിസന്ധിയും 265
   *രേഖ. എസ്*
2. പ്രവാസജീവിതത്തിന്റെ നേർക്കാഴ്ചകൾ 272
   *കിരൺ മോഹൻ. എം*
3. പെൺപ്രവാസം മലയാളസിനിമയിൽ 277
   *കവിത. സി.കെ*
4. പ്രവാസി തൊഴിൽസംസ്കാരം 284
   *അജി. ഡി*
5. സ്വപ്നങ്ങൾ വിൽക്കുന്നവർ 289
   *ഐശ്വര്യ. എ*
6. പ്രവാസജീവിതം പത്തേമാരിയിൽ 295
   *പെടീഷ്യ ജോൺ*
7. മലയാളിയുടെ ഗൾഫ്കുടിയേറ്റം 299
   *രാകേഷ്. ആർ*


ഭാഗം അഞ്ച്

## ചലച്ചിത്രഗാനങ്ങൾ


1. പ്രവാസജീവിതാവിഷ്കാരം മലയാളചലച്ചിത്രഗാനങ്ങളിൽ 307
   *കൃഷ്ണപ്രിയ. ആർ.വി*


ഭാഗം ആറ്

## നാടകം


1. സ്വത്വം നഷ്ടപ്പെടുന്നവർ 315
   *സതീഷ് ജി. നായർ*


ഭാഗം ഏഴ്

## ഓർമക്കുറിപ്പുകൾ


1. ജീവിതഗന്ധിയായ സൊറകൾ 323
   *ആഷിത എസ്. ഷാബു*

# മലയാളസിനിമയും പ്രവാസസ്വത്വപ്രതിസന്ധിയും

രേഖ. എസ്

നാടിനും വീടിനും വേണ്ടി നാടും വീടും വിട്ട് അന്യദേശത്ത് ചോര നീരാക്കി ജോലിയെടുക്കുകയും, രാജ്യത്തിന് വിദേശനാണ്യം നേടി ത്തന്ന് കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായി വർത്തിക്കുന്ന ഓരോ പ്രവാസിയുടെയും ജീവിതം ഒരു മിഥ്യയാണ്. ജന്മനാടിന്റെ മടിത്തട്ടിൽ നിന്നു മിറങ്ങി വേദനകളും നൊമ്പരങ്ങളും ഒറ്റപ്പെടലുകളും നിറഞ്ഞ ജീവിതത്തെ മനസ്സുകൊണ്ട് സ്വീകരിച്ച് എന്നെങ്കിലും സാക്ഷാല്ക്കരിക്കപ്പെട്ടേക്കാവുന്ന കുറേ സ്വപ്നങ്ങളുടെ ഭാണ്ഡവും പേറിയാണ് ഓരോ പ്രവാസിയും നടക്കാൻ തുടങ്ങു ന്നത്. നിർവചനങ്ങൾക്കും വിവരണങ്ങൾക്കും അപ്പുറം ഓരോ പ്രവാസിയും അനുഭവിക്കുന്ന പച്ചയായ കുറേ ജീവിതാനുഭവങ്ങളുണ്ട്. വ്യത്യസ്ത കോണു കളിൽ വ്യത്യസ്താനുഭവങ്ങളാൽ ജീവിക്കാൻ വിധിക്കപ്പെട്ടവരാണ് ഓരോ പ്രവാസിയും. അവരുടെ താമസസ്ഥലങ്ങൾ ഓരോ കുഞ്ഞുലോകമാണ്. ജാ തിയോ മതമോ വേഷമോ ആ ലോകത്തിനു മതിലുകൾ തീർക്കാനാവുകയില്ല. അവിടെ വേദനകളും വിഷമതകളും പരാതികളും പരിഭവങ്ങളും ഇണക്കങ്ങളും പിണക്കങ്ങളുമുണ്ട്. എല്ലാ വേദനകളും മായ്ക്കുകളയുന്ന രീതിയിൽ അവരുടെ യെല്ലാം കൂടിച്ചേരലുകളുണ്ട്. സന്തോഷങ്ങളുടെയും ദുഃഖങ്ങളുടെയും നടുവിൽ നിന്നുകൊണ്ട് എല്ലാവരും അവരവർക്ക് വിധിക്കപ്പെട്ടിരിക്കുന്ന ജീവിതം ജീവിച്ചുതീർക്കുന്നു. എല്ലാവരിൽ നിന്നും തീർത്തും ഒറ്റപ്പെട്ടൊരു ഏകാന്ത ജീവിതമാണ് പ്രവാസി എല്ലായ്പ്പോഴും നടത്തുന്നത്. പ്രവാസമവസാനി പ്പിച്ച് നാട്ടിലെത്തുമ്പോൾ മാറികൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങ ളോട് പൊരുത്തപ്പെടാനാവാതെ പ്രവാസി ബുദ്ധിമുട്ടുന്നു. പ്രവാസം അവന്റെ ജീവിതത്തിലേൽപ്പിക്കുന്ന ഏറ്റവും വലിയ മുറിവും ഇതുതന്നെയാണ്.

മലയാളസിനിമ എക്കാലത്തും ആഘോഷമാക്കിത്തീർത്ത പ്രമേയ മാണ് പ്രവാസം. 1980 കാലയളവിൽ പ്രവാസം വിഷയമാക്കിയ അനേകം സിനിമകൾ പുറത്തിറങ്ങിയിട്ടുണ്ട്. ബാലു കിരിയത്ത് സംവിധാനം ചെയ്ത *വിസ* (1983), സത്യൻ അന്തിക്കാടിന്റെ *ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റ്* (1986), *നാടോടിക്കാറ്റ്* (1987), *വരവേൽപ്പ്* (1989) എന്നിവയെല്ലാം പ്രവാസത്തിന്റെ വിവിധവശങ്ങൾ കൈകാര്യം ചെയ്ത മലയാളസിനിമകളാണ്.